"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-24-06-2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അയ്മനം ഗ്രാമപഞ്ചായത്തിലെ മാഞ്ചിറമുക്ക് പാടശേഖരത്തിൽ വെർട്ടിക്കൽ ആക്സിൽ ഫ്ലോ പമ്പ് സ്ഥാപിക്കാനുള്ള പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1521/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/08/2020

---

പരാമർശം:- 1 കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.06.2020-ലെ കത്ത്

2 24.06.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.27-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

ഏറ്റുമാനൂർ ബ്ലോക്കിലെ ഏതാനും പാടശേഖരങ്ങളിൽ നെല്പാടങ്ങളുടെ പ്രത്യേകത മൂലം വളരെ താഴ്ചയിൽ നിന്നും വെള്ളം പമ്പ് ചെയ്യേണ്ടതായിട്ടുണ്ടെന്നും അത്തരം സ്ഥലങ്ങളിൽ പെട്ടിയും പറയും ഉപയോഗിക്കാൻ കഴിയാത്തതിനാൽ വെർട്ടിക്കൽ ആക്സിൽ ഫ്ലോ പമ്പും മറ്റും ഉപയോഗിക്കേണ്ടതായിട്ടുണ്ടെന്നും, അത്തരത്തിലുള്ള ഒരു പാടശേഖരമായ മാഞ്ചിറമുക്ക് പാടശേഖരത്തിന് 100 ശതമാനം സബ്സിഡി നിരക്കിൽ വെർട്ടിക്കൽ ആക്സിൽ ഫ്ലോ പമ്പ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിക്കാൻ 13,50,000/- രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതി ജില്ലാ ആസൂത്രണ സമിതി നിരസിച്ച സാഹചര്യത്തിൽ സംസ്ഥാനതല കോർഡിനേഷൻ സമിതിയുടെ അംഗീകാരം നൽകണമെന്നുമുള്ള പരാമർശം (1) അപേക്ഷ 24.06.2020-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി പരിഗണിക്കുകയും അനുമതി നൽകുന്നതിന് പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ അയ്മനം ഗ്രാമപഞ്ചായത്തിലെ മാഞ്ചിറമുക്ക് പാടശേഖരത്തിൽ 100 ശതമാനം സബ്സിഡിയോടെ വെർട്ടിക്കൽ ആക്സിൽ ഫ്ലോ പമ്പ് സ്ഥാപിക്കുന്നതിന് ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYASREE P N

**അണ്ടർ സെക്രട്ടറി**

പ്രസിഡണ്ട്/സെക്രട്ടറി, ഏറ്റുമാനൂർ,കോട്ടയം

ജില്ലാ പ്ലാനിംഗ് ഓഫീസർ,കോട്ടയം

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.08.[illegible] 12:00:03 IST
Reason: Approved

സെക്ഷൻ ഓഫീസർ